| Published Date: | 22 Sep 2017 | Publication: | Mathrubhumi |
|---|---|---|---|
| Edition: | Kochi | Page No: | 6 |

# ‘ടി.സി.എസ്. വിസ് 2017’ കൊച്ചി എഡിഷൻ ഒക്ടോബർ 10ന്

**കൊച്ചി:** സ്കൂളുകൾക്കായുള്ള ടെക് ക്വിസ് ‘ടി.സി.എസ്. ഐ.ടി. വിസ് 2017’-ന്റെ കൊച്ചി എഡിഷൻ ഒക്ടോബർ പത്തിന് കൊച്ചിയിലെ കലൂർ ഗോകുലം പാർക്ക് ഹോട്ടൽ ആൻഡ് കൺവെൻഷൻ സെന്ററിൽ നടക്കും. ഐ.ടി. സേവന കൺസൾട്ടിങ് സ്ഥാപനമായ ടാറ്റാ കൺസൾട്ടൻസി സർവീസസാണ് ക്വിസ് സംഘടിപ്പിക്കുന്നത്.

എട്ടു മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് പങ്കെടുക്കാം. ഓരോ സ്കൂളിനും രണ്ടുപേർ വീതമുള്ള എട്ടു ടീമുകളെ വീതം അയയ്ക്കാം. പ്രവേശന ഫീസ് ഉണ്ടാകില്ല.

അഹമ്മദാബാദ്, ബെംഗളൂരു, ഭുവനേശ്വർ, ചെന്നൈ, ഡൽഹി, ഹൈദരാബാദ്, ഇൻഡോർ, കൊച്ചി, കൊൽക്കത്ത, മുംബൈ, നാഗ്പുർ, പുണെ എന്നീ കേന്ദ്രങ്ങളിലാണ് ഐ.ടി. വിസ് നടത്തുക.